MR. V. GANGADHARAN NAIR (*Quilon III—General*): വാണിജ്യസം ബന്ധമായി അദ്ദേഹം ചെയ്തിട്ടുള്ള പ്രവർത്തനംകൊണ്ടു രാജ്യത്തിനുവല്ല ഗുണവും ഉണ്ടായിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : റിക്കാഡ്സ്കാം നോക്കിയതിൽ എന്തെങ്കിലും ഗുണകരമായി ചെയ്തതായി കണ്ടില്ല.

MR. V. GANGADHARAN NAIR : ആ നിലയ്ക്ക് ആ ഉദ്യോഗം നിറുത്തൽ ചെയ്യുന്നതല്ലേ നല്ലത്?

HON'BLE MR. T. M. VARGHESE : നിറുത്തൽ ചെയ്തിരിക്കുകയാണ്. രണ്ടുകൊല്ലത്തെ കരാറിൻപേരിലായിരുന്നു അദ്ദേഹത്തെ നിയമിച്ചിരുന്നതു്. ഒന്നര വർഷം കഴിഞ്ഞപ്പോൾ ആ ഉദ്യോഗം നിറുത്തൽ ചെയ്തു.

MR. KANNARA GOPALA PANICKER : ടെയിഡ് കമ്മീഷണറുടെ ഹെഡ്കാർട്ടേഴ്സ് എവിടെയാണ്?

HON'BLE MR. T. M. VARGHESE : ഇംഗ്ലണ്ടിൽ.

MR. KANNARA GOPALA PANICKER : ഏതുപ്പോഴെങ്കിലും അദ്ദേഹം ഇംഗ്ലണ്ടിൽ പോയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അദ്ദേഹം ഇംഗ്ലണ്ടിലാണു താമസിച്ചിരുന്നതു്. അവിടെ വാടക കൊടുത്തിട്ടുണ്ടു്. അദ്ദേഹം അനുവാദം കൂടാതെ ഇംഗ്ലണ്ടുവിട്ടതിനു് നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. K. R. ELANKATH : മൈസൂർ ഗവണ്മെൻറ് അദ്ദേഹത്തിനു് എന്തു ശമ്പളം കൊടുക്കുന്നുവെന്നറിയാമോ?

HON'BLE MR T. M. VARGHESE : അറിഞ്ഞുകൂടാ.

ഇഞ്ചിനീയറിംഗ് കോളേജുപ്രവേശനം.

330. MR. V. MADHAVAN (*Vaikam II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇഞ്ചിനീയറിംഗ് കോളേജിൽ ഡിഗ്രികോഴ്സിനു പ്രവേശനം ലഭിക്കുവാൻ ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത എന്താണ്?

(ബി) പ്രവേശനം നടത്തുന്നതിനുവേണ്ടി കോളേജു അധികൃതർ എന്തെങ്കിലും എഴുത്തു പരീക്ഷ (written examination) നടത്താറുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തു വിഷയങ്ങളിലാണ്.

(ഡി) ഇതിലേക്ക് വാങ്ങ്മൂലമായി വല്ല പരീക്ഷയും നടത്താറുണ്ടോ?

(ഇ) ഉണ്ടെങ്കിൽ വാങ്ങ്മൂലപരീക്ഷയ്ക്കു ഒരുകയ്യുള്ളതിനു എത്ര ശതമാനം മാർക്കാണു മാറ്റിവച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : (a) Intermediate or University Previous Examination.

(b) Yes.

(c) Three written papers.

(i) English including general knowledge and essay.

(ii) Mathematics.

(iii) Drawing in freehand and simple geometrical exercises.

(d) Yes

(e) 20% of the total, i. e. 100 out of 500.

MR V. MADHAVAN : വാങ്മൂലപരീക്ഷ നടത്തുന്ന രീതിയെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ അസംതൃപ്തിയുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE. : ആക്ഷേപമുള്ളതായി ചിലർ പറഞ്ഞിട്ടുള്ള അറിവു ഗവണ്മെൻറിലുൾപ്പെട്ട ഈ മന്ത്രിക്കറിയാം.

MR. N. KUNJURAMAN (*Chirayinkil IV—General*) : അതിന്റെ പരീക്ഷകന്മാരാരാണ്?

HON'BLE MR. T. M. VARGHESE. കാളേജിലെ പ്രിൻസിപ്പാളും, രണ്ടു പ്രൊഫസറന്മാരും, ക്രോതെ ചീഫ് എൻജിനിയർ, എലക്ട്രിക്കൽ എൻജിനീയർ, യൂണിവേഴ്സിറ്റി രജിസ്ട്രാർ ഇവരുമാണ്.

MR. S. KUTTAN (*Neyyattinkara I—General*): പരീക്ഷ കഴിഞ്ഞാൽ റിസൾട്ട് പബ്ലിഷ് ചെയ്യുന്ന പതിവില്ലേ?

HON'BLE MR. T. M. VARGHESE : റിസൾട്ട് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി കണ്ടിട്ടില്ല. എന്നാൽ അതു പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

MR. K. R. ELANKATH : ഈ എക്സാമിനേഷൻ ബോർഡിൽ ഈ വകുപ്പിന്റെ പ്രാതിനിധ്യംവഹിക്കുന്ന മന്ത്രിക്കുടി ഉണ്ടായിരിക്കുന്നതു നല്ലതാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. T. M VARGHESE : അതേപ്പറ്റി ആലോചിച്ചിട്ടില്ല. നല്ലതാണെങ്കിൽ ഉണ്ടായിരിക്കുന്നതിൽ വിരോധമില്ല. എന്നാൽ താരതമ്യേന പ്രാധാന്യം അൽപംകുറവുള്ള ഈ കാര്യത്തിൽ മന്ത്രി തലയിടേണ്ടതുണ്ടോ എന്നു സംശയിക്കുന്നു.

വൈക്കം ബോട്ടുജട്ടിറോഡ്.

331. MR. V. MADHAVAN: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ?

(എ) വൈക്കം പടിഞ്ഞാറെ നടയിൽ ജട്ടിറോഡിന്റെ ഇരുവശങ്ങളിലും കായൽവരെ ഓടകെട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly